(ഇ) ലോകസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ പ്രസ്തുത പദ്ധതിക്ക് പരസ്യം നൽകുന്നത് നീട്ടിവയ്ക്കുകയുണ്ടായി. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയിൽ അംഗത്വം വേണമെന്നുള്ള അംഗൻവാടി പ്രവർത്തകരുടെ വിവരം ശേഖരിച്ചുവരികയാണ്.

(എഫ്) പദ്ധതിപ്രവർത്തനം ആരംഭിക്കണമെന്ന ലക്ഷ്യത്തിനായി വിവിധ മാധ്യമങ്ങൾവഴി ഇക്കാര്യത്തിൽ ആവശ്യമായ പ്രചരണം നടത്തുവാൻ 2-7-2004-ലെ 3122/ബി1/04 സാ.ക്ഷേ.വ. കത്തുമുഖേന സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾ

26 [1327] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ട്;

(ബി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഇപ്പോൾ ലഭ്യമായ ഫണ്ടുകൾ എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ ലഭ്യമായ കേന്ദ്രസഹായ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ലഭ്യമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃത്യമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ലോകബാങ്ക് സഹായ പദ്ധതി, എം.എൽ.എ.-യുടേയും എം.പി.-യുടേയും ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് അംഗൻവാടികൾ നിർമ്മിച്ചുവരുന്നു. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിലെ (2004-05) ബഡ്ജറ്റ് പ്രസംഗത്തിൽ അംഗൻവാടികളുടെ നിർമ്മാണത്തിനായി 27 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ലോകബാങ്ക് സഹായ പദ്ധതിപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. ബ്ലോക്കുകളിൽ 1600 അംഗൻവാടി സെന്ററുകൾക്ക് കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലോകബാങ്ക് സഹായ പദ്ധതിപ്രകാരം പ്രവർത്തിക്കുന്ന ഐ.സി. ഡി.എസ്. ബ്ലോക്കുകളിലെ 1600 അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ഭരണ നവീകരണ പദ്ധതിപ്രകാരം അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ബഹു. ധനകാര്യ മന്ത്രി ഈ വർഷം പ്രഖ്യാപിച്ച 27 കോടി രൂപ വകകൊള്ളിച്ചിട്ടുള്ള അംഗൻവാടി കെട്ടിടനിർമ്മാണം മുതലായവയിലൂടെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

അംഗൻവാടി വർക്കർ-ടീച്ചർമാരുടെ മാസവേതനം

27 [1328] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർ-ടീച്ചർമാർക്ക് ഇപ്പോൾ നൽകിവരുന്ന മാസ വേതനം എത്രയാണ്;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിച്ചത് എന്നാണ്;

(സി) പുതിയ വേതന വർദ്ധനവ് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരുന്നുണ്ടോ; എങ്കിൽ എന്ന് തീരുമാനം എടുക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മെട്രിക്കുലേറ്റ്, നോൺ മെട്രിക്കുലേറ്റ് എന്നിങ്ങനെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചും സർവ്വീസ് ദൈർഘ്യം കണക്കിലെടുത്തും അംഗൻവാടി വർക്കർമാർക്ക് 1,238 രൂപ മുതൽ 1,363 രൂപവരെയും അംഗൻവാടി ഹെൽപ്പർമാർക്ക് 800 രൂപയും പ്രതിമാസ വേതനമായി നൽകിവരുന്നു.

(ബി) 12-3-2003-ലെ ജി.ഒ. (ആർടി.) 126/2003/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം 1-4-2002 മുതൽ പ്രാബല്യത്തിൽ വരുമാറ് ഏറ്റവും ഒടുവിൽ ഓണറേറിയ വർദ്ധനവ് പ്രാബല്യത്തിൽവന്നു.

(സി) ഇല്ല. ബാധകമല്ല.

കുന്ദമംഗലത്തെ ഐ.സി.ഡി.എസ്. ഓഫീസ് കെട്ടിടം

28 [1329] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഐ.സി.ഡി.എസ്. ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കെട്ടിടത്തിന്റെ മാസ വാടക എത്രയാണ്; ഏതുമാസം വരെയുള്ളത് കൊടുത്തുതീർത്തു എന്നു വ്യക്തമാക്കുമോ;

(സി) കെട്ടിട ഉടമയ്ക്ക് വാടക കൊടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly